വെബ്: https://kwa.kerala.gov.in
ഇ-മെയിൽ: phsdnchavara@gmail.com

"ജലം ജീവാമൃതം"

ഫോൺ: 0476 2671218

# കേരള വാട്ടർ അതോറിറ്റി

പബ്ലിക് ഹെൽത്ത് സബ് ഡിവിഷൻ
ചവറ, ഇടപ്പള്ളിക്കോട്ട പി. ഒ.
കൊല്ലം - 691583

നമ്പർ. 977/AB3/2022/PHSD-CVRA-KLM തീയതി: 07.09.2023

പ്രേഷകൻ

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

സ്വീകർത്താവ്

സെക്രട്ടറി
പന്മന ഗ്രാമ പഞ്ചായത്ത്

സർ

വിഷയം:- ജൽ ജീവൻ മിഷൻ - പന്മന ഗ്രാമ പഞ്ചായത്ത് - ജല ജീവൻ മിഷൻ -പന്മന ഗ്രാമ പഞ്ചായത്ത് - കുടിവെള്ള കണക്ഷനുകൾ നൽകേണ്ടവരുടെ ലിസ്റ്റ് സംബന്ധിച്ച് .

സൂചന:- 1.പന്മന ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ കത്ത് നമ്പർ P3-3267/2023 തീയതി 25.08.2023

പന്മന പഞ്ചായത്തിൽ ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2864 കണക്ഷനുകൾ നൽകുന്ന പ്രവർത്തിയാണ് കരാർ നൽകിയിട്ടുള്ളത്. നാളിതുവരെ 2000 ത്തോളം കണക്ഷനുകൾ നൽകിയിട്ടുണ്ട്. KWA യുടെ പരിശോധന പ്രകാരം പന്മന പഞ്ചായത്തിൽ ജലനിധി കണക്ഷനുകൾ ഇല്ലാത്ത എല്ലാ ആവശ്യക്കാർക്കും കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഒറ്റപെട്ടതോ പുതിയതായി ആവശ്യമുന്നയിച്ച് വരികയോ ചെയ്യുന്ന ചുരുക്കം കണക്ഷനുകൾ മാത്രമാണ് ഇപ്പോൾ ലഭ്യമാകുന്നത് .

മേൽ സൂചനയിലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധിച്ചതിൽ ടി ലിസ്റ്റിൽ പെട്ടവർ ജലനിധി ഉപഭോക്താക്കളാണ് എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത് . ഇനിയും പുതിയതായി വരാനുള്ള കണക്ഷനുകൾ കൂടി മാറ്റി നിർത്തിയാൽ ആകെ 700 കണക്ഷനുകൾ മാത്രമേ ബാക്കി നൽകുവാൻ സാധിക്കുകയുള്ളൂ. ജലനിധിയിൽ ജലം ലഭിക്കാത്ത ഉപഭോക്താക്കളെ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ വാർഡ് തിരിച്ച് ആകെ കണക്ഷൻ 700 എണ്ണത്തിൽ പരിമിതപ്പെടുത്തി തരണമെന്ന് താത്പര്യപ്പെടുന്നു. ഉന്നതതല/മേലാഫിസിൽ നിന്നും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് കണക്ഷനുകൾ നൽകാവുന്നതാണ് . അല്ലാത്ത പക്ഷം തർക്കങ്ങൾ ഉണ്ടാകുന്നതും ആകെ കണക്ഷനുകൾ 2864 ൽ അധികരിക്കുന്നതുമാണ് . മാത്രമല്ല പന്മന പഞ്ചായത്തിൽ നിന്നുള്ള നിർദ്ദേശ പ്രകാരം KMML ന്റെ അധീനതയിൽ ഉള്ള 5 വാർഡുകളിൽ വാട്ടർ അതോറിട്ടി ജലജീവൻ കണക്ഷനുകൾ നൽകിയിട്ടില്ല . ഈ വാർഡുകളിൽ കണക്ഷൻ നൽകേണ്ടതുണ്ടോ എന്നും വ്യക്തത വരുത്തേണ്ടതാണ് .

പന്മന പഞ്ചായത്തിനെ "ഹർ ഘർ ജൽ" പഞ്ചായത്തായി ഉടനെ പ്രഖ്യാപിക്കേണ്ടതുണ്ട് . കരാർ കാലാവധി ഈ മാസം അവസാനിക്കുന്നതുമാണ് . ആയതിനാൽ ടി വിഷയത്തിൽ ഒരു അടിയന്തിര തീരുമാനം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു

Draft #30 of File 977/AB3/2022/PHSD-CVRA-KLM Approved by Assistant Executive Engineer on 07-Sep-2023 04:46 PM - F

വിശ്വസ്തതയോടെ,
Thara. G
അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പകർപ്പ്

Executive Engineer, PH Division, kollam
Asst Engineer, PH section, Chavara

Draft #30 of File 977/AB3/2022/PHSD-CVRA-KLM Approved by Assistant Executive Engineer on 07-Sep-2023 04:46 PM - Page 2

The document is digitally approved. Hence signature is not needed.